# സെഹിയോൻ

## ബുള്ളറ്റിൻ

ജനുവരി • ഫെബ്രുവരി • മാർച്ച്
2026




**സെഹിയോൻ മാർത്തോമ്മാ ഇടവക**
ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135
Rev. M. S. Daniel, Mob: 9447359444
www.amalloorsehionmtc.org

131st
MARAMON CONVENTION
2026 FEBRUARY: 08-15
MAR THOMA EVANGELISTIC ASSOCIATION

# 131–ാമത്
# മാരാമൺ കൺവൻഷന്
# ആശംസകൾ


## ആമല്ലൂർ സെഹിയോൻ
## മാർത്തോമ്മാ ചർച്ച്



# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുല്ലറ്റിൻ

ജനുവരി ▸ ഫെബ്രുവരി ▸ മാർച്ച് 2026



# വികാരിയുടെ കത്ത്



കർത്താവിൽ പ്രിയരേ ,

എല്ലാവർക്കും പുതുവത്സരാശംസകൾ .

ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. പുതുവർഷ ത്തിലേക്കുള്ള പ്രവേശനം ഒരു പുതിയ കലണ്ടറിലേക്കുള്ള പ്രവേശനം മാത്രമല്ല, പുതിയ അവസരങ്ങളുടെ ലോകത്തിലേക്കുള്ള പ്രവേശനം കൂ ടിയാണ്. പുതിയ സാധ്യതകളും വെല്ലുവിളികളും ദർശനങ്ങളും സ്വപ്ന ങ്ങളും തരുന്നതാണ് ഓരോ പുതിയ പിറവികളും.ദൈവത്തിന്റെ ചരിത്രത്തി ലെ ഇടപെടലുകളെക്കുറിച്ചുള്ള വിശ്വാസസാക്ഷ്യമാണ് വേദപുസ്തകം നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നത്. 'ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു' എന്നത് വിശ്വാസസാക്ഷ്യമാണ് തകർച്ചയുടെ, നഷ്ടങ്ങളുടെ, നിരാശകളുടെ, നൊമ്പരങ്ങളുടെ നടുവിൽ കൂടെയിരുന്നു വഴിനടത്തുന്ന ദൈവീക കരുതലിന്റെ പരിലാളനമാണ് ഈ സാക്ഷ്യം . യഹോവ കരുതും എന്ന പ്രഖ്യാപനം വിശ്വാസത്തിന്റെ അടയാളപ്പെടുത്തലാണ്, പ്രത്യാശ യുടെ അടയാളപ്പെടുത്തലാണ്. ചരിത്രത്തിൽ കർമ്മനിരതനായിരിക്കുന്ന ദൈവം മനുഷ്യന്റെ ജീവിതയാത്രയിൽ അവരോടു കൂടെയുണ്ട് എന്നതിന്റെ ഉറപ്പാക്കലാണ്.

വത്യസ്ത ജീവിതാനുഭവങ്ങളുടെ നടുവിൽ ഇടറിപ്പോകാതെയും കാൽ വഴുതിവീണ് നമ്മുടെ തീരുമാനങ്ങളിൽനിന്ന് പിന്തിരിഞ്ഞുപോകാതെയും ഇരിക്കേണ്ടതിന് ശാശ്വതമായ പാറയിൽ ഉറച്ചുനിൽകുവാൻ നമുക്കിടയാ വട്ടെ. ദൈവത്തോടൊത്ത് പുതുവത്സരത്തിൽ ഫലപ്രദമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ ഇടയാകണമേ എന്നതാകട്ടെ നമ്മുടെ പ്രാർത്ഥന.

കുടുംബദിന ആരാധന, ഇടവകദിനം,ക്രിസ്മസ് കരോൾ എന്നിവ അനു ഗ്രഹകരമായി നടത്തുവാൻ ഇടയായതിൽ സന്തോഷിക്കുന്നു. ഡിസംബർ മാസത്തിൽ ഉമാപതി മിഷൻ സന്ദർശനം അനുഗ്രഹകരമായി നിറവേറ്റി.

അവിടുത്തെ മിഷൻ പ്രവർത്തനവും വിശ്വാസികളുടെ ആരാധനയിലുള്ള താല്പര്യവും പ്രത്യേകം എടുത്തുപറയേണ്ടതത്രേ.

ബഹു. ഡിപിൻ കെ. ഡാനിയേൽ അച്ചൻ സന്ദർശനത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തുതന്നത് നന്ദിയോടെ സ്മരിക്കുന്നു. അവിടുത്തെ ആവശ്യങ്ങൾ ഏറെയാണ്. പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

ഏറെ നാളുകൾക്കുശേഷം ഇടവകയായി നടത്തിയ കരോൾ സംഘ സന്ദർശനം എല്ലാവർക്കും ആവേശവും ഉന്മേഷവും പകരുന്ന അനുഭവമായിരുന്നു. എല്ലാവരും നൽകിയ സഹകരണത്തിന് നന്ദി. ആദ്യഫല/ സാധനശേഖരണം ഭംഗിയായി നടത്തുവാൻ എല്ലാവരും സഹകരിച്ചല്ലോ. പങ്കുചേരാനുള്ളവർക്കു ഇനിയും അവസരമുണ്ട്.

ഇടവകയുടെ ഒരു സാമ്പത്തിക വർഷം അവസാനിക്കാറായല്ലോ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള സമയം അടുത്തിരിക്കുന്നു. നല്ല പ്രവർത്തകരെ ലഭിക്കുന്നതിനായി പ്രാർത്ഥിക്കുക, ഒരുങ്ങുക.

ജീവിതത്തിന് അർത്ഥം ഉള്ളവരും അർത്ഥം നൽകുന്നവരുമായി പുതുശക്തിയോടെ ദൈവത്തിലാശ്രയിച്ച് ജീവിക്കാൻ ദൈവംതമ്പുരാൻ നമ്മെ ഇടയാകട്ടെ.

പ്രാർത്ഥനയോടെ,

**എം. എസ്. ഡാനിയേലച്ചൻ**

**ആരാധനാ സഹായ ക്രമീകരണങ്ങൾ – പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ**

| മാസം | തീയതി | ദിവസം | പ്രാർത്ഥനാ ഗ്രൂപ്പ് / സംഘടന |
|---|---|---|---|
| ജനുവരി | 04 | ഞായർ | സേവികാസംഘം |
| | 11 | ഞായർ | സൺഡേസ്കൂൾ |
| | 18 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| | 25 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| ഫെബ്രുവരി | 01 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| | 08 | ഞായർ | സീനിയർ സിറ്റിസൺ ഫെലോഷിപ് |
| | 15 | ഞായർ | ഗായക സംഘം |
| | 22 | ഞായർ | യങ് വിമൻസ് ഫെല്ലോഷിപ്പ് |
| മാർച്ച് | 01 | ഞായർ | യുവജനസഖ്യം |
| | 08 | ഞായർ | ഇടവക മിഷൻ |
| | 15 | ഞായർ | സേവികാ സംഘം |
| | 22 | വ്യാഴം | സൺഡേസ്കൂൾ |
| | 29 | ഞായർ | പ്രാർത്ഥന ഗ്രൂപ്പ് 1 |

| ഞായറാഴ്ച്ചകളിലെ പാഠം വായന ഭാഗങ്ങൾ | | | | |
|---|---|---|---|---|
| തീയതി | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
| **ജനുവരി** | | | | |
| 04. | ഉല്പ. 12:1-7 | റോമ.8:31-39 | 1 യോഹ.4:7-21 | വി.ലൂക്കോ.9:1-6 |
| 11. | യെശ.5:1-7 | കൊലൊ.1:3-13 | ഗലാ.5:16-26 | വി.യോഹ.15:1-11 |
| 18. | 2 ദിന.32:9-23 | 1 പത്രോ.5:7-11 | ഫിലി.4:4-8 | വി.മത്താ.6:19-34 |
| 25. | യോശുവ.4:1-11 | അ.പ്ര.4:32-37 | 1 കൊരി.3:1-9 | വി.മർക്കോ.6:32-44 |
| **ഫെബ്രുവരി** | | | | |
| 01. | യെശ.42:1-9 | അ.പ്ര.3:1-16 | യാക്കോ.5:13-18 | വി.മത്താ.9:35-38 |
| 08. | ഉല്പ.1:31-2:3 | എബ്രാ.4:1-11 | കൊലൊ.2:13-19 | വി.മർക്കോ.3:1-6 |
| 15. | യെഹ.36:24-36 | റോമ.11:33-12:2 | 2 കൊരി.5:16-21 | വി.യോഹ.2:1-11 |
| 22. | രൂത്ത്.2:4-20 | എഫെ.4:25-32 | 1 യോഹ.3:13-24 | വി.മർക്കോ.1:40-45 |
| **മാർച്ച്** | | | | |
| 01. | 2 ശമു.9:1-13 | ഗലാ.6:1-10 | റോമ.12:9-21 | വി.മർക്കോ.2:1-12 |
| 08. | യെശ.56:1-8 | വെളി.7:9-17 | ഗലാ.3:23-29 | വി.മത്താ.15:21-28 |
| 15. | യെശ.1:12-17 | എഫെ.6:5-9 | 2 കൊരി.1:3-11 | വി.ലൂക്കൊ.13:10-17 |
| 22. | മീഖാ.7:15-20 | റോമ.5:8-21 | 1 പത്രൊ.2:17-24 | വി. മർക്കൊ.10:46-52 |
| 29. | സെഖ. 9:1-12 | എഫെ.2:11-22 | കൊലൊ.3:12-17 | വി. മർക്കൊ.11:1-11 |

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| **ഞായർ രാവിലെ 7.30** | **സൺഡേ സ്കൂൾ** |
| **ഞായർ രാവിലെ 9.30** | **വിശുദ്ധ കുർബ്ബാന** |
| **ഞായർ ശുശ്രൂഷാനന്തരം** | **യുവജനസഖ്യം** |
| **1,2,5-ാം ചൊവ്വ വൈകിട്ട് 4.30** | **ഇടവകമിഷൻ** |
| **ബുധൻ രാവിലെ 10.30** | **സേവികാസംഘം** |
| **വെള്ളി രാവിലെ 10.30** | **ഉപവാസപ്രാർത്ഥന** |
| **3-ാം ചൊവ്വ രാവിലെ 10.00** | **പെയിൻ & പാലിയേറ്റീവ് ഭവനസന്ദർശനം** |
| **4-ാം ചൊവ്വ വൈകിട്ട് 4.30** | **സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്** |
| **4-ാം ഞായർ വൈകിട്ട് 3.00** | **യംഗ് വിമൻസ് ഫെല്ലോഷിപ്പ്** |
| **ശനി വൈകിട്ട് 4.45** | **ഗായകസംഘ ഗാനപരിശീലനം** |

# ഇടവക വാർത്തകൾ

## ഇടവക ദിനവും വാർഷിക കൺവെൻഷനും

നമ്മുടെ ഇടവകയുടെ 71-ാം ഇടവകദിനം നവംബർ 23 ഞയറാഴ്ച്ച സമുചിതമായി നടത്തപ്പെട്ടു. നമ്മുടെ മുൻ വികാരിയും ഇപ്പോൾ കോട്ടയം - കൊച്ചി ഭദ്രാസന വികാരി ജനറാളുമായ വെരി.റവ. ഡോ. സാംസൺ എം ജേക്കബ് ഇടവകദിന വിശുദ്ധ കുർബാനക്ക് നേതൃത്വം നൽകി. തുടർന്ന് ഇടവക വികാരി റവ.എം. എസ് .ഡാനിയേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഇടവകദിന സമ്മേളന ത്തിൽ വെരി.റവ.ഡോ. സാംസൺ എം ജേക്കബ് അച്ചൻ ഇടവകദിന സന്ദേശം നല്കി. യോഗത്തിൽ ഇടവകയുടെ സംക്ഷിപ്ത റിപ്പോർട്ട് ഇടവക സെക്രട്ടറി അവതരിപ്പിക്കുകയും ഇടവകയിൽ ഈ പ്രവർത്തനവർഷം 80 വയസ് പൂർത്തീ കരിച്ചവരെയും വിവാഹ ജീവിതത്തിൽ 50 വർഷങ്ങൾ പൂർത്തീകരിച്ചവരെയും ആദരിക്കുകയും ചെയ്തു. ഗായകസംഘം പ്രത്യേകം ചിട്ടപ്പെടുത്തിയ ഇടവക ദിന മംഗളഗാനം ആലപിച്ചു.

ഇടവക വാർഷിക കൺവെൻഷൻ നവംബർ 21,22 ദിവസങ്ങളിൽ നടത്തപ്പെട്ടു. സുവിശേഷകൻ ജോൺ വി. ആർ. കൃഷ്ണൻകുട്ടി, റവ.ബോബി മാത്യു (കോട്ടയം) എന്നിവർ ദൈവവചനം പ്രസംഗിച്ചു.

## സാധനശേഖരണവും ലേലവും

ഈ വർഷത്തെ സാധന ശേഖരണവും ലേലവും, പ്രാർത്ഥനാ ഗ്രൂപ്പ് അടി സ്ഥാനത്തിൽ -ഡിസംബർ 14 (ഒന്നാം ഗ്രൂപ്പ് ), ഡിസംബർ 28 (രണ്ടാം ഗ്രൂപ്പ്), ജനുവരി 04 (മൂന്നാം ഗ്രൂപ്പ് ) ക്രമീകൃതമായി നടത്തപ്പെട്ടു. ഇതിൽ ആത്മാർത്ഥ മായി സഹകരിച്ച ഇടവക അംഗങ്ങളോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

## അനുമോദനം

Trans World Radio India യുടെ ബൈബിൾ ക്വിസ് 2025 ൽ ആമല്ലൂർ സെഹിയോൻ സെന്ററിലും, പത്തനംതിട്ട ജില്ലാതലത്തിലും ഒന്നാം സ്ഥാനം നേടിയ നമ്മുടെ ഇടവകാംഗം ശ്രീമതി മിനി മാത്യു, നെയ്പള്ളിയ്ക്ക് അഭിനന്ദനങ്ങൾ. ഈ മത്സ രത്തിൽ നമ്മുടെ ഇടവകയിൽ നിന്നും പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ പള്ളിയിൽ വച്ച് നൽകുകയുണ്ടായി.

## ഉമാപതി സന്ദർശനം

നമ്മുടെ ഇടവക സാമ്പത്തിക കൈത്താങ്ങൽ നൽകിവരുന്ന ആന്ധ്രായിലെ ഉമാപതി മിഷൻ സന്ദർശനം ഡിസംബർ 8 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു. എം. എസ്.ഡാനിയേൽ അച്ചൻ, കുരുവിള ഫിലിപ്പ് അച്ചൻ എന്നി വരുടെ നേതൃത്വത്തിൽ പത്ത് പേരടങ്ങിയ സംഘം ഉമാപതി, മൈയ്ദകൂർ, ചാ ഗൽമാരി, അലഗട, നന്ത്യാൽ എന്നീ മിഷൻ ഫീൽഡുകൾ സന്ദർശിച്ചു. ഉമാപതി സെഹിയോൻ മാർത്തോമ്മാ പള്ളിയിൽ കുരുവിള ഫിലിപ്പ് അച്ചൻ തെലുങ്ക് ഭാഷയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അനിത കൊച്ചമ്മയുടെ കുട്ടികൾക്കാ യുള്ള ഹൃസ്വ സന്ദേശവും സന്ദർശക സംഘം പാടിയ തെലുങ്ക് ഗാനങ്ങളും

ഏറെ ശ്രദ്ധേയമായിരുന്നു.

## ക്രിസ്മസ് House to house കരോൾ

ഏറെ നാളുകൾക്കുശേഷം ക്രിസ്മസ് ഗാന സംഘം (House to house Carol) ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചത് ശ്രദ്ധേയമായി. വികാരി അച്ചന്റേയും, കുരുവിള ഫിലിപ്പ് അച്ചന്റേയും നേതൃത്വവും കൺവീനർമാരായ ശ്രീ. റജി ഐക്കരേത്ത്, ശ്രീ. ജോസഫ് ചാക്കോ നെല്ലിമൂട്ടിൽ, ഇടവക ട്രസ്റ്റി ശ്രീ. തോമസ് ജോസഫ് എന്നിവർ, അറുപതോളം പേർ അഞ്ച് ദിവസങ്ങളിലായി നടത്തിയ ക്രിസ്മസ് ഭവന സന്ദർശനം കൂടുതൽ ക്രമീകൃതമാക്കി. ഊഷ്മളമായി സ്വീകരിച്ച ഇടവകയിലെ ഭവനങ്ങൾ, മനോഹരമായ ക്രിസ്മസ് വാഹനം ഒരുക്കിയ ശ്രീ. ജിജി എൻ കുരുവിള നെല്ലിമൂട്ടിൽ, അച്ചടക്കത്തോടും പരസ്പര ബഹുമാനത്തോടും പങ്കെടുത്ത അംഗങ്ങൾ , എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

## ക്രിസ്മസ് കരോൾ

ഈ വർഷത്തെ ഇടവക ക്രിസ്മസ് കരോൾ ഡിസംബർ 23 നു വൈകിട്ട് 6 മണി മുതൽ ഇടവക വികാരി റവ. എം . എസ്. ഡാനിയേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പത്തനംതിട്ട കുടുംബകോടതി ജഡ്ജി ബഹു. ശ്രീ. ഡോണി തോമസ് വർഗീസ് ക്രിസ്മസ് സന്ദേശം നൽകി. ചിട്ടയായ പരിശീലനത്തോടെ ഇടവക ഗായക സംഘം അവതരിപ്പിച്ച ക്രിസ്മസ് ഗാനങ്ങൾ ഏറെ ശ്രേദ്ധേയമായിരുന്നു. സൺഡേസ്കൂൾ കുട്ടികളുടെ ക്രിസ്മസ് സ്കിറ്റ്, സാന്റാക്ലോസ്സ് സംഘത്തിന്റെ ഗാനങ്ങൾ എന്നിവയും ഉണ്ടായിരുന്നു.

## വിശുദ്ധ വിവാഹം

നമ്മുടെ ഇടവകയിൽ കുഴിക്കാലയിൽ ക്രിസ്റ്റീന മറിയം മാത്യൂസ്, പുതുവാപ്പടിക്കൽ ബിബിൻ കോശി, കുന്നത്തുപറമ്പിൽ നേഹ ആൻ മാത്യു, മഠത്തിലേട്ട് നെവിൻ ജോജി ഫിലിപ്പ് എന്നിവർ വിവാഹിതരായി. സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.

## ആദരാഞ്ജലികൾ

നെല്ലിമൂട്ടിൽ തോമസ് കുരുവിള (തമ്പിക്കുട്ടി), നെല്ലിമൂട്ടിൽ -കൊമ്പാടി - ചാക്കോ മാത്യു എന്നിവർ നിര്യാതരായി. ഇവരിലൂടെ കുടുംബങ്ങൾക്കും ഇടവകയ്ക്കും പൊതു സമൂഹത്തിനും ലഭിച്ച നന്മകൾ സ്മരിച്ചുകൊണ്ട് ഇടവകയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

## അറിയിപ്പ്

ഇടവകയിലെ പ്രാർത്ഥനാ ഗ്രൂപ്പുകളും പോഷക സംഘടനകളും 2026-27 പ്രവർത്തന വർഷത്തേക്കുള്ള ഇടവക കൈസ്ഥാനസമിതി പ്രതിനിധികളുടെ തെരെഞ്ഞെടുപ്പ് **2026 ഫെബ്രുവരി 01 ന്** മുൻപ് നടത്തി പേരുവിവരങ്ങൾ ഇടവക സെക്രട്ടറിക്ക് നൽകേണ്ടതാണ്.

(വികാരി)

# സംഘടനാ വാർത്തകൾ

## ഇടവക മിഷൻ

എല്ലാ മാസത്തിൻന്റെയും ഒന്നും രണ്ടും അഞ്ചും ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 നു പള്ളിയിൽ വച്ച് മീറ്റിങ്ങുകൾ നടത്തപ്പെടുന്നു. മൂന്നാം ചൊവ്വാഴ്ച രാവിലെ പെയിൻ ആൻഡ് പാലിയേറ്റീവിന്റെ ഭാഗമായി ഇടവക മിഷൻ അംഗങ്ങൾ പള്ളിയിൽ വരാൻ ശാരീരിക പ്രയാസങ്ങൾ ഉള്ളവരുടെയും രോഗികളുടെയും ഭവനങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുകയും കൂട്ടായ്മ നൽകുകയും ചെയ്യുന്നു.

സംഘവാരത്തോടനുബന്ധിച്ചു നമ്മുടെ ഇടവകയിൽ നിന്നും മൂന്നു സംഘാംഗങ്ങൾ മറ്റ് ഇടവകകൾ സന്ദർശിച്ച് സംഘത്തിന്റെ പ്രവർത്തനങ്ങൾ വിവരിക്കുകയും വചന ശുശ്രൂഷ നടത്തുകയും ചെയ്തു. ഒക്ടോബർ 3,4 തീയതികളിൽ ശാഖയുടെ നേതൃത്വത്തിൽ നമ്മുടെ പള്ളിയിൽ വച്ച് വൈകിട്ട് 6 മണിക്ക് ധ്യാനയോഗവും നവംബർ 18 ന് രാവിലെ 9 മണിമുതൽ ഉച്ചക്ക് ഒരു മണിവരെ ചെയിൻ പ്രയറും നടത്തപ്പെട്ടു.

സെന്റർമീറ്റിംഗ് ഇല്ലാത്ത എല്ലാ വെള്ളിയാഴ്ചകളിലും പള്ളിയിൽ വച്ച് രാവിലെ 10.30 നു ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു.

## സേവികാ സംഘം

ബുധനാഴ്ചകളിൽ രാവിലെ 10 .30 നു പള്ളിയിൽ വച്ചും മാസത്തിലെ അവസാന ബുധനാഴ്ച നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ചും ശാഖയോഗങ്ങൾ നടത്തപ്പെടുന്നു.

**വനിതാ പഠനവേദി:** നവംബർ 5 ന് സേവികാസംഘം സെന്റർ മീറ്റിങ്ങും സാമ്പത്തിക വിദഗ്ധ പ്രൊഫ. ഡോ. മേരി ജോർജ് നയിച്ച വനിതാ പഠന വേദിയും നമ്മുടെ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

**പ്രതിഭാ സംഗമം:** നവംബർ 22 ന് നടന്ന നിരണം - മാരാമൺ ഭദ്രാസന സേവികാസംഘം പ്രതിഭാ സംഗമത്തിൽ നമ്മുടെ ശാഖയും പങ്കെടുത്തു.

**സെന്റർ കരോൾ മത്സരം:** ഡിസംബർ 5 ന് പാറേക്കാട് താബോർ മാർത്തോമാ പള്ളിയിൽ നടന്ന കരോൾ മത്സരത്തിൽ നമ്മുടെ ശാഖയും പങ്കെടുത്തു.

**വിശ്രാന്തി ഭവൻ സന്ദർശനം:** ഡിസംബർ 26 ന് ശാഖാ അംഗങ്ങൾ മഞ്ഞാടിയിലുള്ള വിശ്രാന്തി ഭവൻ സന്ദർശിച്ച് ക്രിസ്മസ് സമ്മാനങ്ങൾ നൽകുകയും ക്രിസ്മസ് ഗാനങ്ങൾ ആലപിക്കുകയും ചെയ്തു.

**സർഗ്ഗവേദി:** സെന്റർ കലാ മത്സരങ്ങൾ ജനുവരി 10ന് ഇരുവള്ളിപ്ര ക്രിസ്തോസ് മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

## കോട്ടേജ് മീറ്റിംഗുകൾ

| | |
|---|---|
| **ജനുവരി 28** | **-ശ്രീമതി സിജി രാജി, നെല്ലിമൂട്ടിൽ** |
| **ഫെബ്രുവരി 25** | **-ശ്രീമതി അച്ചാമ്മ ഐസക് ( ബ്ലെസി), നെല്ലിമൂട്ടിൽ** |

## സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ്

മാസത്തിൽ നാലാം ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 നു നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ച് യോഗങ്ങൾ നടത്തിവരുന്നു .

തിരുവല്ല ഈസ്റ്റ് സെന്റർ സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 10 ന് ഇരുവള്ളിപ്ര ക്രിസ്തോസ് മാർത്തോമ്മാ പള്ളിയിൽവച്ച് നടന്ന സെന്റർ ക്രിസ്മസ് കരോളിൽ നമ്മുടെ ശാഖയുടെ ഗായകസംഘം രണ്ടു ക്രിസ്മസ് ഗാനങ്ങൾ ആലപിച്ചു.

അടുത്ത മൂന്ന് മാസങ്ങളിൽ താഴെ പറയുന്ന ഭവനങ്ങളിൽ പ്രാർത്ഥന യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു :

| | | |
|---|---|---|
| **ജനുവരി 27** | **–** | **ശ്രീ. ജോർജ് വി. തോമസ്, വാനേത്ത്** |
| **ഫെബ്രുവരി 24** | **–** | **ശ്രീമതി ജൂണോമ്മ ജേക്കബ്, കരിങ്ങാട്ട്** |
| **മാർച്ച് 24** | **–** | **ശ്രീ. വർഗീസ് മാത്യു, കോളരേത്ത്** |

## യുവജനസഖ്യം

ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. ക്രിസ്മസ് House to house കരോൾ , ഇടവക ക്രിസ്മസ് കരോൾ ഡെക്കറേഷൻ എന്നിവയിൽ സഖ്യം അംഗങ്ങൾ സജീവമായി പങ്കെടുത്തു. ഞായറാഴ്ചകളിൽ ശുശ്രൂഷാനന്തരം ശാഖാ മീറ്റിങ് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. യുവജന വാരം പ്രവത്തനങ്ങളുടെ ഡെപ്യുട്ടേഷൻ ഭാഗമായി നമ്മുടെ ശാഖയിൽനിന്നും റിയ മറിയം മാത്യു, മെറിൻ റേച്ചൽ റജി എന്നിവർ മറ്റു ഇടവകൾ സന്ദർശിച്ചു.

## സൺഡേസ്കൂൾ

ഞായറാഴ്ച്ച രാവിലെ 7.30 ന് ക്ലാസുകൾ ആരംഭിക്കുന്നു. പുതിയ അധ്യയന വർഷത്തെ ക്ലാസ്സുകൾ ജനുവരി 4 മുതൽ ആരംഭിച്ചു.

നവംബർ 2 ന് നടന്ന അഖില ലോക സൺഡേസ്കൂൾ ദിനാഘോഷ പരിപാടികളിൽ നമ്മുടെ സൺഡേസ്കൂൾ വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു.

ഇടവകയിൽ നടന്ന ക്രിസ്മസ് കരോൾ മദ്ധ്യേ സൺഡേസ്കൂൾ കുട്ടികൾ ക്രിസ്മസ് സ്കിറ്റ് അവതരിപ്പിച്ചു.

## ഗായക സംഘം

ഞായറാഴ്ച്ച ആരാധനകളിലും നവംബർ മാസത്തിൽ നടന്ന ഇടവക കൺവെൻഷൻ, ഇടവകദിനം എന്നിവയിലും ഗായക സംഘം പങ്കു വഹിച്ചു. ഡിസംബർ 23 ന് നടന്ന ക്രിസ്മസ് കരോളിൽ ശ്രീ. സി. വർഗീസ്, ശ്രീമതി അക്കാമ്മ കോശി, ശ്രീമതി ബിനി സാംജി എന്നിവരുടെ നേതൃത്വത്തിൽ ഗായക സംഘം മനോഹരമായ ക്രിസ്മസ് ഗാനങ്ങൾ ആലപിച്ചു.

ഞായറാഴ്ച്ച ആരാധനയിലേക്കുള്ള ഗാനപരിശീലനം ശനിയാഴ്ച്ചകളിൽ വൈകുന്നേരം 4.45 ന് പള്ളിയിൽവച്ചു നടത്തപ്പെടുന്നു.

## ബൈബിൾ ക്വിസ് – ഉല്പത്തി 5, 6

തെറ്റുണ്ടെങ്കിൽ തിരുത്തുക.

1. ദൈവത്തിന്റെ സദൃശ്യത്തിൽ അവരെ ഉണ്ടാക്കി
2. ആണും പെണ്ണുമായി അവനെ ഉണ്ടാക്കി
3. സൃഷ്ടിച്ച നാളിൽ അവനെ അനുഗ്രഹിക്കയും............................
4. .............................അവന് ആദാമെന്ന് പേരിടുകയും ചെയ്തു
5. ആദാമിന് 130 വയസായപ്പോൾ.......... മകനെ ജനിപ്പിച്ചു. അവനു കയിൻ എന്ന് പേരിട്ടു
6. ഏനോശിന്റെ പിതാവിന്റെ പേര്?
7. ദൈവത്തോട് കൂടെ നടന്ന വ്യക്തി ആര്? ആയുസ് എത്ര?
8. ഏറ്റം ദീർഘായുസായിരുന്ന വ്യക്തി? എത്ര? കൊച്ചുമകന്റെ പേര്?
9. നോഹ എന്ന പേരിന് കൽപ്പിച്ചിരുന്ന അർത്ഥം?
10. നോഹയുടെ അപ്പന്റെ പേര്? മകളുടെ പേര്?
11. ലോകത്തിൽ സെമിറ്റിക് കുലമെന്നും വർഗ്ഗമെന്നും കരുതുന്നവർ ആരുടെ പിന്മുറക്കാരാണ്?
12. ലോകസമൂഹത്തിൽ ആദ്യം നടന്ന ധാർമ്മിക അഴിഞ്ഞാട്ടത്തെകുറിച്ച് പറഞ്ഞിരിക്കുന്ന വാക്യം?
13. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു. കാരണമെന്ത്?
14. നോഹയെക്കുറിച്ചുള്ള വേദപുസ്തക സാക്ഷ്യം എന്ത്? വാക്യം എഴുതുക.
15. ദൈവം ഭൂമിയിൽ കണ്ട തെറ്റുകൾ എന്തെല്ലാമായിരുന്നു?
16. പെട്ടകം നിർമ്മിക്കേണ്ട മരം ഏത്?
17. എത്ര തട്ടായാണ് പെട്ടകം പണിതത്?
18. "സകല ജഡത്തിന്റേയും അവസാനം എന്റെ മുമ്പിൽ വന്നിരുന്നു ' കാരണം എന്ത്?
19. നിന്നോടോ.....,...,...കടക്കേണം (പൂരിപ്പിക്കുക)
20. ദൈവം രണ്ടു പ്രധാന കാര്യങ്ങൾ പെട്ടകത്തിൽ കയറ്റേണ്ട മൃഗജാലത്തെകുറിച്ചും ഭക്ഷണത്തെ കുറിച്ചും പറഞ്ഞു. ഏവ?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2026 ഫെബ്രുവരി 28**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1. കയിൻ, ആദം
2. ഹവ്വ, ഹാബേൽ
3. ആട്ടിൻ കൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്ന്, അവയുടെ മേദസിൽ നിന്ന്
4. കോപം, മുഖം വാടി
5. പാപം, പാപം
6. പാപം കയിനെ കീഴടക്കി
7. നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം
8. നീ (കയിൻ), നിലം
9. ഭയങ്കര കുറ്റബോധം, ദൈവം തള്ളി എന്ന ചിന്ത, ഞാൻ ഉഴലേണ്ടവൻ എന്ന തോന്നൽ, ആരെങ്കിലും എന്നെ കൊല്ലും (മരണ ഭയം)
10. കയിനെ കൊല്ലുന്നവന് ഏഴ് ഇരട്ടി ശിക്ഷ, കയിനെ ആരും കൊല്ലാതിരിപ്പാൻ രക്ഷയുടെ അടയാളം നൽകി
11. ഏദനു കിഴക്ക് നോദ് ദേശത്ത്
12. ഹാനൊക്ക്, ഈരാദ്
13. ലാമേക്ക്; ആദ ,സില്ല
14. യാബാൽ
15. യൂബാൽ, ആദ
16. തൂബൽ കയീൻ, സില്ല
17. ലാമേക്
18. ശേത്ത്
19. എനോശ്
20. എനോശിന്റെ കാലത്ത്

**ബൈബിൾ ക്വിസ് ഒക്ടോബർ–ഡിസംബർ ലക്കത്തിൽ സമ്മാനാർഹരായവർ**

1. ശ്രീമതി. മിനി മാത്യു, നെയ്പ്പള്ളിൽ
2. ശ്രീ. സാബു തോമസ്, കിഴക്കേതിൽ

# ഒരു യാത്ര

**സിലി വർഗീസ്**

**2025 ഡിസംബർ 8..**

മധ്യാഹ്ന സൂര്യൻ തന്റെ ചൂടിനെ കുറച്ചൊന്നു മറച്ചു പിടിച്ചൊരു ഉച്ചസമയം.അതായിരുന്നു ഞങ്ങളുടെ യാത്രാ സമയം.. സെഹിയോൻ ഇടവകയിൽ നിന്നും ഉമാപതി മിഷൻ സെന്ററിലേക്കു തിരിച്ച അഞ്ച് കുടുംബങ്ങൾ..വീടുകളിൽ വന്ന് കൊണ്ടു പോകുവാൻ കുഞ്ഞുമോനും റെജിയും... പള്ളി അങ്കണത്തിൽ നിന്നും പ്രാർത്ഥിച്ചു ഇറങ്ങി..സ്റ്റേഷനിൽ കിതച്ചു വന്നു നിർത്തിയ ട്രെയിനിന്റെ അകത്തു കയറിപ്പറ്റി കഴിഞ്ഞപ്പോൾ മുതൽ യാത്രയുടെ mood on ആയി... പിന്നീടങ്ങോട്ട് വായ നിറച്ചു ഭക്ഷണവും സംസാരവും ആയി മണിക്കൂറുകൾ... ഓരോരുത്തർക്കും സീറ്റുകൾ നല്കപ്പെട്ടിട്ടുണ്ട് എങ്കിലും, വല്ലവന്റെയും സീറ്റിൽ ഇരിക്കുമ്പോൾ കിട്ടുന്ന ആത്മനിർവൃതി അത് ട്രെയിൻ യാത്രക്ക് മാത്രം സ്വന്തം...കൂട്ടത്തിൽ ഒരു ആർമി ഉദ്യോഗസ്ഥനും യാത്രികൻ ആയി ഒപ്പമുണ്ട്.. മറ്റൊരാൾ പരിചയപ്പെട്ടു വന്നപ്പോൾ ഡാനിയേൽ അച്ചന്റെ നാട്ടുകാരൻ,അയൽക്കാരൻ അങ്ങനെ ആരൊക്കെയോ... അവരുടെ നാട്ടു വിശേഷങ്ങൾ കുറച്ചു നേരം.. Tour operater എന്നു കേട്ടപ്പോ പിന്നെ കുഞ്ഞുച്ചായന്റെ കയ്യിലേക്ക് അച്ചൻ ബാറ്റൻ കൈമാറി..

നുറുങ്ങു തമാശകൾ പറയാൻ ഓരോരുത്തരും മത്സരം ആയിരുന്നു... അച്ചന്മാരുടെ കൂടെയുള്ള യാത്ര എങ്ങനെയാകുമോ എന്നുള്ള ആശങ്ക സ്റ്റേഷനിൽ തന്നെ ഉപേക്ഷിച്ചു.. കാരണം അവരാരും കുപ്പായത്തിൽ അല്ലാത്തത് കൊണ്ട് ആ തോന്നൽ അവർക്കും ഞങ്ങൾക്കും തീരെ ഉണ്ടായില്ല എന്നു സാരം...

ട്രെയിൻ അങ്ങനെ കുതിച്ചു പായുമ്പോൾ ഇടക്കിടക്ക് വന്നുപോകുന്ന പതിവ് വില്പനക്കാർ...മനസ്സോടെ അല്ലെങ്കിലും ഓരോ കാപ്പി എല്ലാവരും ഊതിക്കുടിച്ചു....ഇടക്ക് പുറത്തുള്ള കാഴ്ചകൾ അരുവിയായും, മൺതിട്ടയായും വനമായും, മഞ്ഞായും മാറി മറിഞ്ഞു വന്നുപോയി കൊണ്ടിരുന്നു. സൂര്യൻ മാഞ്ഞു... കാഴ്ചകൾക്ക് പതിയെ മങ്ങലേറ്റ് തുടങ്ങി... ഇടക്ക് ഡിപിൻ അച്ചൻ ഇങ്ങോട്ടും ഇവിടിരിക്കുന്നവർ തിരിച്ചും സവാരി നടത്തിക്കൊണ്ടിരുന്നു.. അൽപനേരം കുറച്ചു പേർ uno card കൊണ്ട് കളിച്ചു സമയം നീക്കി ..കളിക്ക് കൂടാത്തവർ മറ്റു സംസാരത്തിലും.. പഠിച്ചു പോയ തെലുങ്ക് പാട്ടുകൾ ഒന്നു കൂടി ഹൃദ്യസ്ഥമാക്കി...പ്രാർത്ഥിച്ചു.. സമയം 7മണി... കൊണ്ടുപോയ ഭക്ഷണം കഴിക്കുവാൻ ഞങ്ങൾ കൂട്ടായി തീരുമാനിച്ചു... പക്ഷേ.... 'വിറകും കത്തിയുമുണ്ട്'. അറുക്കുവാനുള്ള ആടെവിടെ??എന്നു ചോദിച്ചത് പോലെ, കഴിക്കാൻ പ്ലേറ്റ് എടുക്കാൻ വിട്ടുപോയ ഞങ്ങൾക്ക് കുരുവിള അച്ചൻ കൊണ്ടുവന്ന ഓംലെറ്റ് പൊതി കണ്ടപ്പോൾ സന്തോഷമായി.. അത് മറ്റൊന്നും ആയിരുന്നില്ല... സാക്ഷാൽ വാഴയില.... അങ്ങനെ കുശാൽ ആയി അത്താഴവും കഴിഞ്ഞു...ബാക്കിവന്നത് പൊതിഞ്ഞെടുത്തു. യാമങ്ങൾ കൊഴിഞ്ഞു വീണു കൊണ്ടിരുന്നു... വെളിയിൽ ചീവീടുകൾ.. എങ്ങും കുറ്റാക്കൂരിരുട്ടു.. പുറത്ത് തണുപ്പിന് ശക്തി കൂടി വരുന്നു.. ശീതീകരിച്ച മുറിയിലെ തണുപ്പിനെ അതിജീവിക്കാൻ പിന്നീട് എല്ലാവരും മത്സരം ആയിരുന്നു... വിജയികൾ യഥാക്രമം സാംജിസർ, ജയ, ബിനി.... ബർത്തുകൾ ഓരോന്നും ഉറക്കത്തിനായി വഴി തിരിച്ചു... കമ്പാർട്മെന്റിലെ അവസാന ലൈറ്റും അണഞ്ഞു കഴിഞ്ഞപ്പോൾ എല്ലാവരും ബർത്തുകളിലേക്ക് നുഴഞ്ഞു കയറി..

ഗ്രേസി കൊച്ചമ്മ ഒഴികെയുള്ള സ്ത്രീകൾ കിടന്നുകൊണ്ട് അടക്കം പറഞ്ഞു ഉറക്കത്തിലേക്ക് വഴുതി വീണത് വീണ്ടും മണിക്കൂറുകൾ കഴിഞ്ഞ്.... അതിൽ ചിലർ ഉറങ്ങിയും എഴുന്നേറ്റും, തിരിഞ്ഞും മറിഞ്ഞും കിടന്നത് കൊണ്ടാകും കള്ളന്മാർ തിരിഞ്ഞു നോക്കുക പോലും ചെയ്തില്ല... അങ്ങനെ ആ പകലും രാത്രിയും അവസാനിച്ചു..രണ്ടാം ദിവസം...

നേരം പരപരാ വെളുക്കുന്നതേയുള്ളൂ.. കുഞ്ഞച്ചായൻ ബെർത്തിൽ നിന്നും ചാടിയിറങ്ങി..

ഉറങ്ങുന്നവരെയും ഉറക്കം നടിക്കുന്നവരെയും എല്ലാം ചെറിയ ശബ്ദത്തിൽ വലിയ വർത്തമാനം പറഞ്ഞു എഴുന്നേൽപ്പിച്ചു... എഴുന്നേൽക്കാതെ നിവർത്തിയില്ലല്ലോ.. കടപ്പ സ്റ്റേഷൻ എന്ന ഞങ്ങളുടെ ഡെസ്റ്റിനേഷന് അടുത്തെത്തുന്നു ..അതേ സ്റ്റേഷൻ എത്തി... ഇറങ്ങി.. അപ്പോഴേക്കും ഡിപിൻ അച്ചനും കൊച്ചമ്മയും  അവരുടെ തട്ടകം കയ്യേറി... മുൻകൂട്ടി arrange ചെയ്ത വാഹനം ഞങ്ങളെയും കൂട്ടി മുൻപോട്ടു പാഞ്ഞു.. ഇടക്ക് ഓരോ ചായ കുടിക്കുവാൻ നിർത്തി, ഇറങ്ങി.. ഒരു ആമ്പൽക്കുളം തൊട്ടരികെ.. ആ പൂക്കൾ കണ്ടപ്പോ ഞങ്ങളുടെ ഒക്കെ സൗന്ദര്യം ഒന്നുമല്ലെന്നൊരു തോന്നൽ ചെറിയൊരു വേദന ഉളവാക്കി എങ്കിലും ഒന്നു രണ്ടു ഫോട്ടോകൾക്ക് നിന്നു. വീണ്ടും യാത്ര തുടർന്നു.. പിന്നെ നിർത്തിയത് Mydakur school campus ൽ ആണ്.. കുളിച്ചു ഫ്രഷ് ആയി ബ്രേക്ക് fast.. ജോബിൻ അച്ചനും കൊച്ചമ്മയും അവിടുത്തെ സ്റ്റാഫും ചേർന്നു നൽകിയ രുചികരമായ ഭക്ഷണത്തിന്റെ രുചി ഇപ്പോഴും നാവിൽ ഉണ്ട്. അവിടെയുള്ള വിവരങ്ങൾ കൃത്യമായി അച്ചൻ അവതരിപ്പിച്ചു.. Photo session ഉം കഴിഞ്ഞു അടുത്ത ഇടത്തേക്ക്...

പിന്നെ ഞങ്ങൾ ചെന്നു നിന്നത്  Dr.O. U ജോർജിന്റെ hospitalil ആണ്.. അവിടെ നിന്നും അവരുടെ  സ്നേഹവും സ്വീകരിച്ചു അവിടുത്തെ വിശേഷങ്ങളും തൊട്ടറിഞ്ഞു വീണ്ടും അടുത്ത സ്ഥലത്തേക്ക്..  ചാഗലമാരി  മിഷൻ center വൈവിധ്യങ്ങളുടെ നിറക്കൂട്ടു തന്നെ ആയിരുന്നു.. School, മുറ്റം നിറയെയുള്ള  മരങ്ങൾ,,അതിലൂടെ ഓടി നടക്കുന്ന കുട്ടി കുരങ്ങുകൾ.. ഉച്ചഭക്ഷണത്തിനു ഒരു പിശുക്കും കാണിച്ചില്ല എന്നു മാത്രമല്ല തിന്നിട്ടും തീരാത്തത്ര വിഭവങ്ങൾ  വയറും മനസ്സും നിറച്ചു... ചുറുചുറുക്കുള്ള യുവ പട്ടക്കാർ, അവരുടെ സഹായികൾ, സെന്റർ പ്രവർത്തനങ്ങൾ തോളിലേറ്റി അഹോരാത്രം പ്രവർത്തിക്കുന്നവർ... അങ്ങനെ അവിടെനിന്നും അലഗഡ മിഷൻ സെന്ററിലേക്ക്... പടി വാതിൽക്കൽ നിന്നും നോക്കിയാൽ കണ്ണെത്താ ദൂരത്തോളം നാരങ്ങാ തോട്ടം.. അവിടുത്തെ അച്ചനെയും പരിചയപ്പെട്ട് പ്രവർത്തനങ്ങളും കണ്ടു ഒരു ചായ കുടിച്ചു മടങ്ങിയപ്പോ സ്വർണ്ണ വർണ്ണമുള്ള നാരങ്ങകൾ ഞങ്ങളെ മോഹിപ്പിക്കുന്നുണ്ടായിരുന്നു.. പ്രതീക്ഷ കൈവിട്ടില്ല..അപ്പോഴേക്കും അതാ അച്ചൻ പറയുന്നു,, 'നാളെ നിങ്ങൾക്ക് വേണ്ടുവോളം നാരങ്ങ കൊണ്ടെത്തിച്ചു തരാം.'ആ ആശ്വാസത്തിൽ ഞങ്ങൾ അവിടവും വിട്ടു.. വീണ്ടും വന്നു നിന്നത് മറ്റൊരു സ്ഥലത്തു.. അവിടെ pregnancy കിറ്റ് കൊടുക്കുന്ന function നടക്കുന്നു... അവിടെ സമയത്തിന് എത്തിപെടാനുള്ള ഓട്ടം ആയിരുന്നു അതുവരെയും..റോസ് പൂക്കൾ തന്ന് എല്ലാവർക്കും സ്വീകരണം..കിട്ടിയ റോസാപ്പൂക്കൾ തലയിൽ തിരുകി കുറച്ചു നേരത്തേക്ക് Gracy കൊച്ചമ്മ റോസമ്മ എന്നു നാമധാരിയായി. അവിടെയുള്ളവർക്ക് കിറ്റുകൾ നൽകി വീണ്ടും വണ്ടിയിൽ കയറി. പിന്നീട്ടങ്ങോട്ട് ഞങ്ങളുടെ താവളത്തിലേക്കു എത്തിപ്പെടുവാനുള്ള വ്യഗ്രത ആയിരുന്നു. ഒടുവിൽ അത് സംഭവിച്ചു.. Nandyal മിഷൻ സെന്ററിൽ ഞങ്ങൾ വണ്ടിയിറങ്ങി. സ്നേഹ ജ്യോതി guest room, പാർസണേജ്, എല്ലാം പിന്നെ നമ്മുടെ സ്വന്തം ആയി.. ഊഷ്മള സ്വാഗതം.. കുരുവിള അച്ചന്റെ phone ക്യാമറ കാണുമ്പോൾ എല്ലാവർക്കും സന്തോഷം ഇരട്ടിക്കും.. അതുവരെ ആരും ദർശിക്കാത്ത ഒരു സൗന്ദര്യം എല്ലാവരിലും കാണുന്നത് കൊണ്ടു തന്നെ.. തിടുക്കത്തിൽ എല്ലാവരും മുറികളിൽ എത്തി. Luggage വച്ചു.. കുറച്ചു സമയം വിശ്രമിച്ചു.. Girls hostel കുട്ടികളെ പരിചയപ്പെട്ടു. അവരുടെ കലാ പരിപാടികളും പാട്ടുകളും.. ഞങ്ങൾ പഠിച്ച പാട്ടുകളും പാടി സമയം പോയത് അറിഞ്ഞതേയില്ല... ഡിപിൻ അച്ചന്റെ മകളുടെ നിഷ്കളങ്കത.. ഒപ്പമുള്ള dance എല്ലാവരും നന്നായി ആസ്വദിച്ചു.. ദീപകൊച്ചമ്മയുടെ അമ്മയെ (ജയ ആന്റി)ഒരു പ്രത്യേക image എവിടെയും കിട്ടി എന്നത് എടുത്തു പറയേണ്ടതാണ്.. കൂടാതെ ചെല്ലുന്നിടത്തെല്ലാം അനിതകൊച്ചമ്മയുടെ ശിഷ്യഗണങ്ങൾ.. അവരുടെ excitement..-. അപ്പോഴേക്കും ഡിപിൻ അച്ചൻ ഓർമപ്പെടുത്തി.. എല്ലാവരും ready ആയി.. ഇനി ഉമാപതിയിൽ ചെല്ലണം. അവിടെ വി. കുർബാന.. 6 മണി കഴിഞ്ഞു വണ്ടിയിൽ കയറി... 7മണിയോടെ അവിടെ എത്തി.. നടത്തിക്കൊണ്ടിരിക്കുന്ന പ്രൊജക്റ്റ്, മറ്റു കാര്യങ്ങൾ പരിചയപ്പെടുത്തി..

കുരുവിള അച്ചന്റെ തെലുങ്കിലുള്ള കുർബാനക്കും ഹൃദ്യമായ പ്രസംഗത്തിനും ശേഷം ഉമാപതി ഗ്രാമത്തിന്റെ സ്നേഹം പൊന്നാടയായും, ഭക്ഷണമായും സ്വീകരിച്ചു മടങ്ങി.. അന്നത്തെ പ്രോഗ്രാം അവസാനിപ്പിച്ചു..എല്ലാവരും കൂടുകളിൽ ചേക്കേറി..

**മൂന്നാം ദിവസം.**

മടക്കയാത്രക്കുള്ള തയ്യാറെടുപ്പിൽ.. അപ്പോൾ അറിയുന്നു ട്രെയിൻ വൈകി പുറപ്പെടുന്നു.. ഓരോരുത്തരും മാറി മാറി നോക്കിയിട്ടും train അതേ നിലപാടിൽ തന്നെ ??. എന്നാൽ കുറച്ചു relaxation എല്ലാവരിലും ഉണ്ടുതാനും. ഹോസ്റ്റൽ കുട്ടികളുടെ morning പ്രയറിലും പങ്കെടുത്ത്.. അനിത കൊച്ചമ്മയുടെ ഒരു teaching sessionum (കുട്ടികൾക്കും കേട്ടിരുന്ന ഞങ്ങൾക്കും ഒരു പോലെ പ്രയോജനപ്പെട്ടു.) കഴിഞ്ഞു വീണ്ടും രുചികരമായ പ്രഭാത ഭക്ഷണവും കഴിച്ചു എല്ലാവരും ready ആയി.. അച്ചന്റെയും കൊച്ചമ്മയുടെയും ആതിഥേയത്വം ആവോളം നുകർന്ന ഞങ്ങൾ സമയത്തിന് മുൻപേ അച്ചനോടും സഹായികളായവരോടും ഒപ്പം സ്റ്റേഷനിൽ എത്തി.. എത്തിച്ചു തരാം എന്നു പറഞ്ഞ നാരങ്ങാ ചാക്കുകൾ കൊണ്ടെത്തിച്ചു തന്ന സ്നേഹിതർ വാക്ക് പാലിച്ചു. ഇടക്ക് ഒരു സുവിശേഷകന്റെ വീടിനുള്ള സ്ഥലം കണ്ട് പ്രാർത്ഥിച്ചു... തയ്യാറാക്കി കൊണ്ടു വന്ന ഉച്ച ഭക്ഷണം കഴിച്ച് train വരുന്നതും കാത്തു അക്ഷമയോടെ സ്റ്റേഷനിൽ... കൂകി വിളിച്ചു train വന്നു... Platform confirmation ലഭിക്കാത്തതിനാൽ കുരങ്ങിനെപ്പോലെ ചാടി കളിക്കേണ്ടി വന്നവർ... ‘അക്കരെ ഇക്കരെ നിന്നാൽ എങ്ങനെ ആശ തീരും‘ എന്നു പാടി പ്പോയ നിമിഷങ്ങൾ.. കുറച്ചു പേർ ഒന്നിലും കുറച്ചു പേർ രണ്ടിലും നിന്നു. ഉടനെ announcement... 2 ആം number platformil train എത്തിച്ചേരും.. പിന്നത്തെ കാര്യങ്ങൾ വർണ്ണനാതീതം ????. ഉരുണ്ടും പിരണ്ടും ഉന്തിയും തള്ളിയും കംമ്പാർട്ട്മെന്റിലേക്കുള്ള ഓട്ടം... P. T. ഉഷ പോലും ഇത്രയും ഓടിയോ എന്നു സംശയം... എന്തായാലും ഒരു ബോഗി മൊത്തം കയ്യടക്കി ഞങ്ങൾ അച്ചനെ യാത്രയാക്കി വീണ്ടും കേരളത്തിലേക്ക് ...അനിത കൊച്ചമ്മയുടെ ചെറിയ അസ്വാസ്ഥ്യം ആശങ്കപ്പെടുത്തിയെങ്കിലും കുറച്ചു സമയങ്ങൾക്കുള്ളിൽ normal ആയത് സന്തോഷം നൽകി.. കൊച്ചു തമാശകളും പൊട്ടിച്ചിരികളും നിറച്ചു, ഇടക്കിടക്ക് വയറിനു ആശ്വാസം നൽകിയും നീണ്ട യാത്രയിലെ മണിക്കൂറുകൾ..പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ജയആന്റി യുടെ peanut butter, അച്ചാർ, bread combinationil എല്ലാവരും വീണു, അല്ല വീഴ്ത്തി..പിന്നെ കുറച്ചു സമയം കൊച്ചമ്മയും സെക്രട്ടറിയും samji sir, ബിനി, സിലി ഇവരുടെ പള്ളി choir... കേൾവിക്കാരും ഈ ഞങ്ങൾ തന്നെ ??...9മണി ആയപ്പോഴേക്കും കിടക്ക വിരിക്കുന്ന കലാപരിപാടി കൊച്ചമ്മയുടെ ലീഡർ ഷിപ്പിൽ ഗംഭീരമായി നടന്നു.. നല്ലതുപോലെ വിരിച്ച കിടക്കയിൽ കിടക്കുവാൻ തക്കം നോക്കി ഇരുന്നവർ ചാടിക്കയറി book ചെയ്തു.. അസ്സഹനീയമായ തണുപ്പിനെ അവഗണിച്ചു ചിലരൊക്കെ ഉറങ്ങുന്നത് കണ്ടപ്പോ പ്രകൃതി പോലും കരഞ്ഞു കാണും.. നിശബ്ദത തളം കെട്ടിയ രാത്രിയുടെ യാമങ്ങളിൽ ചില കുറുനരികളുടെ ഓരിയിടൽ കൂർക്കംവലി രൂപത്തിൽ കേൾക്കാമായിരുന്നു എന്നു ഉറങ്ങാതിരുന്നവരുടെ സാക്ഷ്യം... ??

പിന്നെ ഒരു മരണമണി മുഴക്കം കേട്ടു.. പലരും ഉണർന്നു... അപ്പോഴേക്കും രാവുണർന്നു...

പ്രാർത്ഥിച്ചു. സമയം തെറ്റി വന്ന train ഇറങ്ങാനുള്ള സ്റ്റേഷനിൽ നിർത്തിയപ്പോഴേക്കും വണ്ടികൾ വന്നു.. കുഞ്ഞുമോൻ, റെജി, ദീപു ഇവരുടെ അകമ്പടിയോടെ ഞങ്ങൾ വീടുകളിൽ ക്ഷേമത്തോടെ എത്തിച്ചേർന്നു..

N B.സ്റ്റേഷനിൽ luggage carry ചെയ്യാൻ പ്രത്യേകം പറഞ്ഞു വച്ച ആൾക്കും, ചുമതലപ്പെടുത്തിയ ആൾക്കും നന്ദി...

ഒരു മിഷൻ ദൗത്യം അത്ര സുഗമമല്ല എന്ന് ചെന്നു കണ്ട ഓരോ ഫീൽഡിലെയും അച്ചന്മാരുടെ വാക്കുകളിൽ നിന്ന് വ്യക്തമാണ്.. അവരുടെ സമയം,ആരോഗ്യം.. പണം കണ്ടെത്താനുള്ള ശ്രമങ്ങൾ... മനസ്സാക്ഷി മരവിച്ചിട്ടില്ലാത്തവരുടെ നിർലോഭ സഹായങ്ങൾ, പ്രാർത്ഥനകൾ ഇവയൊക്കെ ആണ് അവരെ അവിടെ പിടിച്ചു നിർത്തുന്നത്.. കൂടെ കുറെ നിഷ്കളങ്ക മനുഷ്യരുടെ സ്നേഹവും...

**യാത്രയുടെ ചെറിയ സംക്ഷിപ്തം ഇവിടെ പൂർണ്ണം...**

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് , 4.00 പി.എം. | രണ്ടാം ഗ്രൂപ്പ്, 3.00 പി.എം. | മൂന്നാം ഗ്രൂപ്പ്, 4.00 പി.എം. |
|---|---|---|---|
| 04.01.2026 | | ശ്രീ. ജോൺ വർഗീസ്, മാങ്ങോട്ട് | ശ്രീ. ജോസഫ് ചാക്കോ, (കുഞ്ഞുമോൻ) നെല്ലിമൂട്ടിൽ |
| 11.01.2026 | ശ്രീമതി. സൂസൻ മാത്യു, പറപ്പള്ളിൽ | ശ്രീ.വർഗീസ് എബ്രഹാം, കണ്ണോത്ത്, കാക്കാത്തുരുത്ത് | ശ്രീ. കുരുവിള മത്തായി, മെമ്മോറിയ ഗാർഡൻ |
| 18.01.2026 | ശ്രീ. കോശി ബാബു , മങ്ങാട്ട് | ശ്രീ.തോമസ് എബ്രഹാം, കണ്ണോത്ത്, കാക്കാത്തുരുത്ത് | ശ്രീ. തോമസ് പി.കെ (തമ്പി), പറപ്പള്ളിൽ |
| 25.01.2026 | **സംയുക്ത പ്രാർത്ഥന – ഒന്നാം ഗ്രൂപ്പ്** | | |
| 01.02.2026 | ശ്രീ. കോശി ഈപ്പൻ ലിസ് കോട്ടേജ് | ശ്രീ. സുഭാഷ് മാത്യു, വാലേൽ | ശ്രീ. മാത്യു കെ.എ. കൊച്ചാലുംപ്ലാക്കൽ, AVS Serene Garden , Flat 2E |
| 08.02.2026 | **മാരാമൺ കൺവൻഷൻ ആരംഭം** | | |
| 15.02.2026 | **മാരാമൺ കൺവൻഷൻ സമാപനം** | | |
| 22.02.2026 | **സംയുക്ത പ്രാർത്ഥന – രണ്ടാം ഗ്രൂപ്പ്** | | |
| 01.03.2026 | ശ്രീ. മാമ്മൻ ഫിലിപ്പോസ് പാറപ്പറമ്പിൽ | ശ്രീ.വർഗീസ് ഈപ്പൻ, പ്ലാപ്പറ | ശ്രീ. എൻ. പി. സാമുവേൽ, നെല്ലിമൂട്ടിൽ |
| 08.03.2026 | ശ്രീ. വിജി വർഗീസ്, മാങ്ങോട്ട് | ശ്രീ.അലക്സാണ്ടർ തോമസ്, കൃപാ ഭവൻ | ശ്രീമതി. മോളി ഈപ്പൻ, ചിറേകണ്ടത്തിൽ |
| 15.03.2026 | ശ്രീ. ബോബൻ മാത്യു , മഠത്തിലേട്ട് | ശ്രീ. സണ്ണി തോമസ്, വളയിൽ (ഓതറ) | |
| 22.03.2026 | **സംയുക്ത പ്രാർത്ഥന – മൂന്നാം ഗ്രൂപ്പ്** | | |
| 29.03.2026 | | സാബു വർഗീസ് കുര്യൻ, വിളക്കുപാട്ടത്തിൽ | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2026 ഏപ്രിൽ-മെയ്-ജൂൺ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടെയും സംഘടനകളുടെയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും മാർച്ച് 15-ാം തീയതിക്കു മുമ്പായി ഇടവക സെക്രട്ടറിയെ ഏൽപിക്കുവാൻ പ്രാർത്ഥനാഗ്രൂപ്പുകളുടെയും പോഷകസംഘടനകളുടെയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയോ സെക്രട്ടറിയെയോ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയോ സെക്രട്ടറിയെയോ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

RED Media | 9495 151222

For Private Circulation Only